9679
3/8/15

19

11004/C/14/SJD

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി - അർഹതയ്ക്കുള്ള വാർഷിക വരുമാന പരിധി ഏകീകരിച്ചുകൊണ്ടുള്ള ഉത്തരവിൻമേൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (എം.എസ്)നം.08/2015/സാനീവ    തീയതി, തിരുവനന്തപുരം, 12.02.2015

---

പരാമർശം:- 1. 20.06.2014 ലെ സ.ഉ(എം.എസ്)നം 52/2014/സാനീവ ഉത്തരവ്
2. 6.6.2012ലെ സ.ഉ(സാധാ)276/12/സാക്ഷേവ നം. ഉത്തരവ്
3. 31.12.2012ലെ സ.ഉ(സാധാ)577/12/സാക്ഷേവ നം. ഉത്തരവ്

## ഉത്തരവ്

സംസ്ഥാനത്തു സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ, അഗതി/വിധവാ പെൻഷൻ, വികലാംഗപെൻഷൻ, 50 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയുടെ അർഹതയ്ക്കുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയായി ഏകീകരിച്ച് 20.06.2014 ലെ പരാമർശ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മറ്റു തരത്തിലുള്ള പെൻഷനുകൾ കൈപ്പറ്റുന്നവർക്കും ഒരു ലക്ഷം രൂപ എന്ന വരുമാനപരിധിയ്ക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കാവുന്നതാണ് എന്നും ഉത്തരവായിരുന്നു.

ഏതൊക്കെ പെൻഷനുകളെ ഈ ഉത്തരവിന്റെ പരിധിയിൽപ്പെടുത്താമെന്നതു സംബന്ധിച്ചുള്ള വ്യക്തതയും ക്ഷേമ പെൻഷനുകൾക്ക് അർഹത തെളിയിക്കുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർമാരിൽ നിന്നും ലഭിക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകണമെന്നതു സംബന്ധിച്ചും നിരവധി അപേക്ഷകൾ സർക്കാരിന് ലഭിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- മറ്റു പെൻഷൻ ലഭിക്കുന്ന വ്യക്തികൾക്കും നിശ്ചിതവരുമാന പരിധിക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഏതെങ്കിലും ഒന്ന് ലഭിയ്ക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കും ആയത് ഏത് സുരക്ഷാ പെൻഷൻ ആണെന്നത് ഗുണഭോക്താവിനു തെരഞ്ഞെടുക്കാവുന്നതാണ്.
- അപേക്ഷകൻ വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് അധികാരികളിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.

- പരാമർശം 2, 3 ഉത്തരവുകൾ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ അർഹതയുള്ളവർക്ക് UID നിർബന്ധമാക്കി പെൻഷൻ തുക ബാങ്ക്/പോസ്റ്റോഫീസ്/ട്രഷറിസേവിംഗ്സ് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതു പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ 1.4.2015 മുതൽ പെൻഷൻ വിതരണം ഗുണഭോക്താവിന്റെ ബാങ്ക്/പോസ്റ്റോഫീസ്/ട്രഷറിസേവിംഗ്സ് അക്കൗണ്ട് വഴി വിതരണം ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ ഇൻഫർമേഷൻ കേരളാ മിഷനും എല്ലാ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാരും കൈക്കൊള്ളേണ്ടതാണ്.

ലാന്റ് റവന്യൂ കമ്മീഷണർ, സാമൂഹ്യനീതി ഡയറക്ടർ, പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർ, ഇൻഫർമേഷൻ കേരള മിഷൻ, ജില്ലാ കളക്ടർമാർ, തദ്ദേശഭരണമേധാവികൾ എന്നിവർ മേൽപ്പറഞ്ഞ ഉത്തരവുകൾ നടപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും ആവശ്യമായ നിർദ്ദേശം നൽകുന്നതിലേക്ക്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (എല്ലാ കോർപ്പറേഷൻ/മുൻസിപ്പൽ സെക്രട്ടറിമാർക്കും ആവശ്യമായ നിർദ്ദേശം നൽകുന്നതിലേക്ക്)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ പി.എസ്.-ന്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്